Australian Government

COVID-19 VACCINATION

# COVID-19 വാക്സിൻ AstraZeneca സംബന്ധിച്ചുള്ള വിവരങ്ങൾ

അവസാനമായി അപ്ഡേറ്റ് ചെയ്തത്: 2021 ജൂലൈ 30

## വാക്സിനേഷനെ കുറിച്ചുള്ള വിവരങ്ങൾ

ആളുകൾ COVID-19 ബാധിതരാകുന്നത് തടയാൻ COVID-19 വാക്സിൻ AstraZeneca-യ്ക്ക് കഴിയും. ഈ വാക്സിനിൽ സജീവ SARS-CoV-2 വൈറസ് ഒന്നും അടങ്ങിയിട്ടില്ല, അതിന് നിങ്ങൾക്ക് COVID-19 രോഗം നൽകാൻ കഴിയുന്നതല്ല. സ്പൈക്ക് പ്രോട്ടീൻ എന്നറിയപ്പെടുന്ന SARS-CoV-2 വൈറസിന്റെ ഒരു പ്രധാന ഭാഗത്തിന്റെ ജനിതക കോഡ് ഇതിൽ അടങ്ങിയിരിക്കുന്നു. ഈ കോഡ് നിരുപദ്രവകരമായ സാധാരണ ജലദോഷ പനിയുടെ വൈറസിലേക്ക് (ഒരു അഡെനോവൈറസ്) ചേർത്തിരിക്കുകയാണ് ചെയ്തിരിക്കുന്നത്, ഈ വൈറസ് കോഡിനെ നിങ്ങളുടെ കോശങ്ങളിലേക്ക് വഹിക്കുന്നു. തുടർന്ന് നിങ്ങളുടെ ശരീരം സ്പൈക്ക് പ്രോട്ടീന്റെ പകർപ്പുകൾ ഉണ്ടാക്കുന്നു, ഇത് നിങ്ങളുടെ രോഗപ്രതിരോധ ശേഷിയെ SARS-CoV-2 വൈറസിനെ തിരിച്ചറിയാനും പോരാടാനും പഠിപ്പിക്കും. കോശങ്ങൾക്കുള്ളിൽ എത്തി കഴിഞ്ഞാൽ അവയ്ക്ക് സ്വയം പകർപ്പ് ഉണ്ടാക്കാൻ കഴിയാത്തവിധം അഡെനോവൈറസ് പരിഷ്ക്കരിച്ചിട്ടുണ്ട്. ഇതിനർത്ഥം ഇതിന് മറ്റ് കോശങ്ങളിലേക്ക് വ്യാപിക്കാനും അണുബാധയുണ്ടാക്കാനും കഴിയില്ല എന്നാണ്.

വാക്സിനേഷൻ സ്വമനസ്സാലെ എടുക്കേണ്ടതും സൗജന്യവുമാണ്. COVID-19 വാക്സിനേഷനെ കുറിച്ച് നിങ്ങൾക്ക് എന്തെങ്കിലും ആശങ്കകളോ ചോദ്യങ്ങളോ ഉണ്ടെങ്കിൽ, വാക്സിനേഷൻ സ്വീകരിക്കുന്നതിന് മുൻപ് നിങ്ങളുടെ ഇമ്മ്യൂണൈസേഷൻ പ്രൊവൈഡറോടോ ഒപ്പം/അല്ലെങ്കിൽ നിങ്ങളുടെ GP-യോടോ ചർച്ച ചെയ്യാവുന്നതാണ്.

COVID-19 വാക്സിൻ AstraZeneca 18 വയസ്സും അതിന് മുകളിലും പ്രായമുള്ളവർക്ക് ഉപയോഗിക്കാൻ കഴിയും, അത് സുരക്ഷിതവും ഫലപ്രദവുമാണ്. AstraZeneca വാക്സിൻ എടുത്ത ശേഷം വളരെ അപൂർവമായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള ഒരു പാർശ്വഫലം 'ത്രോമ്പോസൈറ്റോപീനിയ സിൻഡ്രത്തോടൊപ്പമുള്ള ത്രോമ്പോസിസ്' (TTS) ആണ്, രക്തം കട്ടപിടിക്കലും കുറഞ്ഞ രക്ത പ്ലേറ്റ്ലെറ്റ് നിലകളുമാണ് ഇത് മൂലം സംഭവിക്കുന്നത്. വാക്സിനേഷനിൽ നിന്നുള്ള ഗുണങ്ങൾ ഈ അവസ്ഥയിൽ നിന്നും അപകടസാധ്യതയെക്കാൾ കൂടുതലാണ്. ചെറുപ്പക്കാരിൽ TTS കൂടുതൽ സർവ്വസാധാരണമാണ്. അതിനാൽ, അപകടസാധ്യത കുറയ്ക്കാൻ 60 വയസ്സിൽ താഴെ പ്രായമുള്ള ആളുകളിലും, സെറിബ്രൽ വീനസ് സൈനസ് ത്രോമ്പോസിന്റെയോ (തലച്ചോറിനുള്ളിലെ ഒരു തരം രക്തം കട്ടപിടിക്കൽ), ഹെപ്പാരിൻ ഇൻഡ്യൂസ്ഡ് ത്രോമ്പോസൈറ്റോപീനിയയുടെയോ (ഹെപ്പാരിൻ ചികിത്സയോട് അപൂർവമായുള്ള ഒരു റിയാക്ഷൻ), ഇഡിയോപതിക് സ്പ്ലാഞ്ച്നിക് ത്രോമ്പോസിസിന്റെയോ (അടിവയറ്റിലെ രക്തധമനികളിലുള്ള രക്തം കട്ടപിടിക്കലുകൾ) അല്ലെങ്കിൽ ത്രോമ്പോസിസോട് കൂടിയ ആന്റിഫോസ്ഫോലിപിഡ് സിൻഡ്രത്തിന്റെയോ മുൻകാല ചരിത്രമുള്ള ആളുകളിലും കോമിർനാറ്റി (Pfizer) വാക്സിൻ നൽകുന്നതിനാണ് പ്രഥമ പരിഗണന.

## വാക്സിനേഷനിൽ നിന്നുള്ള ഗുണങ്ങൾ

ആളുകൾ COVID-19 ബാധിതരാകുന്നതിൽ നിന്ന് സംരക്ഷിക്കാൻ COVID-19 വാക്സിൻ AstraZeneca-യ്ക്ക് കഴിയും. ഇത് പ്രത്യേകിച്ച് കഠിനമായ രോഗം, ആശുപത്രി വാസം, മരണം എന്നിവ തടയുന്നു. ക്ലിനിക്കൽ പരീക്ഷണങ്ങളിലും (ഉപയോഗത്തിനായി രജിസ്റ്റർ ചെയ്യുന്നതിന് മുമ്പ്) ഇംഗ്ലണ്ടിലെയും സ്കോട്ട്ലൻഡിലെയും 'യഥാർത്ഥ ഉപയോഗതിന്റെ' ഭാഗമായി ആളുകളിൽ വാക്സിനേഷൻ നടത്തിയ പഠനത്തിലും ഈ വാക്സിൻ വളരെ ഫലപ്രദമാണെന്ന് തെളിഞ്ഞിട്ടുണ്ട്.

COVID-19 വളരെ ഗുരുതരമായ ഒരു രോഗമാണ്, ഇത് എല്ലാ പ്രായത്തിലുമുള്ള ആളുകളിൽ ഗുരുതരമായ രോഗത്തിന് കാരണമാകും. ലോകമെമ്പാടുമുള്ള ദശലക്ഷക്കണക്കിന് മരണങ്ങൾക്കും ദശലക്ഷക്കണക്കിന് അണുബാധകൾക്കും ഇത് കാരണമായി. COVID-19-ന്റെ വ്യാപനം കുറയ്ക്കുന്നതിലൂടെ വാക്സിനേഷൻ വ്യക്തികളെ സംരക്ഷിക്കുകയും സമൂഹത്തിലെ എല്ലാ ആളുകൾക്കും പ്രയോജനം നൽകുകയും ചെയ്യുന്നു.

## ആർക്കാണ് ഈ വാക്സിൻ സ്വീകരിക്കാൻ കഴിയുക

18 വയസ്സും അതിന് മുകളിലും പ്രായമുള്ള ആളുകൾക്ക് COVID-19 വാക്സിൻ AstraZeneca സ്വീകരിക്കാവുന്നതാണ്. 60 വയസ്സിൽ കൂടുതൽ പ്രായമുള്ള ആളുകൾക്ക് നൽകുന്നതിന് COVID-19 വാക്സിൻ AstraZeneca-യേക്കാൾ പ്രഥമ പരിഗണന കോമിർനാറ്റി (Pfizer) നൽകുന്നതിനാണ്. എന്നിരുന്നാലും, കോമിർനാറ്റി (Pfizer) ലഭ്യമല്ലെങ്കിൽ, അപകടസാധ്യതകളും നേട്ടങ്ങളും മനസ്സിലാക്കുന്നതിനെ അടിസ്ഥാനമാക്കി വ്യക്തി വിവരങ്ങൾ ബോധ്യപ്പെട്ട് തീരുമാനമെടുത്തിട്ടുണ്ടെങ്കിൽ 60 വയസ്സിൽ കൂടുതൽ പ്രായമുള്ള മുതിർന്നവർക്ക് COVID-19 വാക്സിൻ AstraZeneca സ്വീകരിക്കാവുന്നതാണ്. രോഗ വ്യാപനമുണ്ടാകുന്ന സാഹചര്യങ്ങളിൽ, 60 വയസ്സിൽ കൂടുതൽ പ്രായമുള്ള മുതിർന്നവർക്ക് കോമിർനാറ്റി (Pfizer) ആക്സസ് ചെയ്യാൻ കഴിയുന്നില്ലെങ്കിൽ COVID-19 വാക്സിൻ AstraZeneca ശക്തമായി പരിഗണിക്കണം.

## വാക്സിനേഷന്റെ അപകടസാധ്യതകൾ

മറ്റ് ഏതൊരു വാക്സിനിലും എന്ന പോലെ, ഒരു COVID-19 വാക്സിൻ സ്വീകരിച്ചതിന് ശേഷം നിങ്ങൾക്ക് ചില താൽക്കാലിക പാർശ്വഫലങ്ങൾ ഉണ്ടായേക്കാം. COVID-19 വാക്സിൻ AstraZeneca-യിൽ സർവസാധാരണമായി കാണുന്ന പാർശ്വഫലങ്ങളിൽ ഇവ ഉൾപ്പെടുന്നു: കുത്തിവയ്പ്പ് എടുത്ത സ്ഥലത്ത് വേദന അല്ലെങ്കിൽ ആർദ്രത, ക്ഷീണം, തലവേദന, പേശി വേദന, പനി, കിടുങ്ങൽ. മിക്ക പാർശ്വഫലങ്ങളും ചെറുതും താൽക്കാലികവുമാണ്, അവ 1-2 ദിവസത്തിനുള്ളിൽ അപ്രത്യക്ഷമാകും. ഏതൊരു മരുന്നിലോ വാക്സിനിലോ എന്നപോലെ, വളരെ അപ്പൂർവമായി ഒപ്പം/അല്ലെങ്കിൽ അജ്ഞാതമായ പാർശ്വഫലങ്ങൾ ഉണ്ടായേക്കാം.

## ത്രോമ്പോസൈറ്റോപീനിയ സിൻഡ്രത്തോട് കൂടിയ ത്രോമ്പോസിസ് (TTS)

COVID-19 വാക്സിൻ AstraZeneca ഉപയോഗിക്കുമ്പോൾ വളരെ അപൂർവമായി ത്രോംബോസൈറ്റോപീനിയ സിൻഡ്രത്തോട് കൂടി ത്രോമ്പോസിസ് (ടിടിഎസ്) എന്ന പാർശ്വഫലം ഉണ്ടാകുന്നുണ്ടെന്ന് ശ്രദ്ധയിൽ പെട്ടിട്ടുണ്ട്, ഇത് വിദേശത്ത് പല രാജ്യങ്ങളിലും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

### എന്താണ് TTS?

രക്തം കട്ടപിടിക്കൽ (ത്രോംബോസിസ്), രക്തത്തിലെ പ്ലേറ്റ്‌ലെറ്റുകളുടെ അളവ് (ത്രോംബോസൈറ്റോപീനിയ) കുറയൽ എന്നിവ TTS-ൽ ഉൾപ്പെടുന്നു, വാക്സിനേഷൻ കഴിഞ്ഞ് ഏകദേശം 4 മുതൽ 42 ദിവസങ്ങൾക്ക് ശേഷമാണ് ഇത് സംഭവിക്കുന്നത്. തലച്ചോറോ (സെറിബ്രൽ വീനസ് സൈനസ് ത്രോംബോസിസ് അല്ലെങ്കിൽ CVST എന്ന് വിളിക്കപ്പെടുന്നവ) അല്ലെങ്കിൽ അടിവയറോ (ഇഡിയോപതിക്ക് സ്പ്ലാഞ്ച്നിക്ക് ത്രോമ്പോസിസ്) പോലെ ശരീരത്തിന്റെ വിവിധ ഭാഗങ്ങളിൽ രക്തം കട്ടപിടിക്കാം.

TTS അപൂർവമാണ്, പക്ഷേ ഇത് ആളുകളെ വളരെയധികം രോഗികളാക്കുകയും ദീർഘകാല വൈകല്യത്തിലേക്കോ മരണത്തിലേക്കോ നയിക്കുകയും ചെയ്യും.

TTS സംഭവിക്കുന്നതിനുള്ള കാരണം പൂർണ്ണമായി മനസ്സിലായിട്ടില്ല, പക്ഷേ ഇത് ഹെപ്പാരിൽ ചികിത്സ സ്വീകരിക്കുമ്പോൾ അപൂർവമായി ഉണ്ടാകുന്ന ഹെപ്പാരിൻ-ഇൻഡ്യൂസ്ഡ് ത്രോംബോസൈറ്റോപീനിയ (അല്ലെങ്കിൽ HIT) പോലെയാണ് പ്രകടമാകുന്നത്.

### ഏതെങ്കിലും ഗ്രൂപ്പുകൾക്ക് TTS-ന്റെ അപകടസാധ്യത കൂടുതലാണോ?

ഓസ്ട്രേലിയയിലും വിദേശത്തും TTS റിപ്പോർട്ട് ചെയ്യപ്പെടുന്നതിന്റെ നിരക്ക് ചെറുപ്പക്കാരിൽ കൂടുതലാണ്, ഇത് സ്ത്രീകളിൽ കൂടുതൽ പ്രകടമാണ്. എന്നിരുന്നാലും പുരുഷന്മാരിലും പ്രായമായവരിലും ഇത്തരം കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. സ്ത്രീകൾക്ക് കൂടുതൽ അപകടസാധ്യതയുണ്ടോ എന്ന് ഇതുവരെ വ്യക്തമായിട്ടില്ല.

നിലവിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ, മുമ്പുണ്ടായിരുന്ന ഏതെങ്കിലും മെഡിക്കൽ അവസ്ഥകൾ മൂലം TTS വികസിക്കുന്നതിന് കാരണമായേക്കാമെന്നോ അല്ലെങ്കിൽ അത് വഷളാവാൻ ഇടയുണ്ടോ എന്നോ ഞങ്ങൾ തിരിച്ചറിഞ്ഞിട്ടില്ല.

### മുമ്പ് രക്തം കട്ടപിടിച്ച ചരിത്രമുള്ള ആളുകളിൽ AstraZeneca വാക്സിൻ സുരക്ഷിതമാണോ?

രക്തം കട്ടപിടിക്കുന്നതിനുള്ള ചുവടെ നൽകിയിരിക്കുന്ന അപൂർവ കാരണങ്ങളിലൊന്ന് ഉള്ള ആളുകൾക്ക് കോമിർനാറ്റി (Pfizer) വാക്സിൻ ശുപാർശ ചെയ്യുന്നു: സെറിബ്രൽ വീനസ് സൈനസ് ത്രോംബോസിസ്, ഹെപ്പാരിൻ-ഇൻഡ്യൂസ്ഡ് ത്രോംബോസൈറ്റോപീനിയ, ഇഡിയോപാത്തിക് സ്പ്ലാഞ്ച്നിക് ത്രോംബോസിസ് അല്ലെങ്കിൽ ത്രോംബോസിസിനൊപ്പം ആന്റിഫോസ്ഫോളിപിഡ് സിൻഡ്രോം.

ഡീപ്പ് വെയിൻ ത്രോമ്പോസിസ് (DVT) അല്ലെങ്കിൽ പൾമണറി എമ്പോളിസം (PE) പോലുള്ള മറ്റ് തരത്തിലുള്ള രക്തം കട്ടപിടിക്കലുകൾ നിങ്ങൾക്ക് മുമ്പ് ഉണ്ടായിട്ടുണ്ടെങ്കിലോ അല്ലെങ്കിൽ നിങ്ങൾക്ക് രക്തം കട്ടപിടിക്കുന്നതിനുള്ള അപകടസാധ്യതാ ഘടകങ്ങളുണ്ടെങ്കിലോ പോലും നിങ്ങൾക്ക് AstraZeneca വാക്സിൻ എടുക്കാവുന്നതാണ്. മറ്റ് തരത്തിലുള്ള രക്തം കട്ടപിടിക്കലുകൾ ഉണ്ടായതിന്റെ മുൻകാല ചരിത്രം ഉള്ള ആളുകൾക്ക് TTS രൂപപ്പെടുന്നതിനോ അല്ലെങ്കിൽ അത് ഉണ്ടാകുകയാണെങ്കിൽ അത് മൂലം കൂടുതൽ രോഗബാധ ഉണ്ടാകാനുള്ള അപകടസാധ്യതയോ കൂടുതലാണ് എന്നതിന് തെളിവുകളൊന്നുമില്ല.

ചുവടെ പറയുന്ന അവസ്ഥകളുള്ള ആളുകൾക്ക് AstraZeneca COVID-19 വാക്സിൻ *സ്വീകരിക്കാവുന്നതാണ്*:

- നിശ്ചിത സ്ഥലങ്ങളിൽ രക്തം കട്ടപിടിച്ചതിന്റെ ചരിത്രം
- ഇമ്മ്യൂൺ മീഡിയേറ്റഡ് അല്ലാത്ത വർദ്ധിച്ച രക്തം കട്ടപിടിക്കൽ സാധ്യത
- കുടുംബത്തിലെ രക്തം കട്ടപിടിക്കലുകളുടെ ചരിത്രം
- ഈസ്ക്കെമിക്ക് ഹൃദ്രോഗം അല്ലെങ്കിൽ സ്ട്രോക്കിന്റെ ചരിത്രം
- നിലവിലുള്ളതോ മുൻകാലത്ത് ഉണ്ടായിരുന്നതോ ആയ ത്രോമ്പോസൈറ്റോപീനിയ (കുറഞ്ഞ പ്ലേറ്റ്ലെറ്റ് കൗണ്ട് എണ്ണം)
- ആന്റികൊയാഗുലന്റ് തെറാപ്പി സ്വീകരിക്കുന്നവർ

AstraZeneca വാക്സിൻ വ്യാപകമായി ഉപയോഗിച്ച രാജ്യങ്ങളിൽ രക്തം കട്ടപിടിക്കുന്നതിന്റെ മൊത്തത്തിലുള്ള നിരക്ക് ഉയർന്നിട്ടില്ല. പൊതുജനങ്ങളിൽ രക്തം കട്ടപിടിക്കുന്നത് സാധാരണമാണ്, AstraZeneca COVID-19-ന് ശേഷം സംഭവിക്കുന്ന എല്ലാ രക്തം കട്ടപിടിക്കലുകളും വാക്സിൻ മൂലമാകില്ല. വാക്സിനേഷന് ശേഷം നിങ്ങൾക്ക് രക്തം കട്ടപിടിക്കുകയാണെങ്കിൽ, അതിന്റെ കാരണം നിർണ്ണയിക്കാൻ ഡോക്ടർക്ക് രക്തപരിശോധന നിർവഹിക്കാവുന്നതാണ്.

### എന്റെ ആദ്യത്തെ ഡോസ് AstraZeneca വാക്സിൻ ഞാൻ സ്വീകരിച്ച് കഴിഞ്ഞിട്ടുണ്ടെങ്കിലോ?

ഗുരുതരമായ പ്രതികൂല സാഹചര്യങ്ങളില്ലാതെ COVID-19 വാക്സിൻ AstraZeneca-യുടെ ആദ്യ ഡോസ് എടുത്ത പാർശ്വഫലങ്ങളില്ലാത്ത എല്ലാ പ്രായത്തിലുമുള്ള ആളുകൾ അതേ വാക്സിന്റെ തന്നെ രണ്ടാമത്തെ ഡോസ് സ്വീകരിക്കണം. രണ്ടാമത്തെ ഡോസിന് ശേഷം TTS-ന്റെ അപകടസാധ്യത വളരെ കുറവാണെന്ന് UK-യിൽ നിന്നുള്ള ഡാറ്റ സൂചിപ്പിക്കുന്നു, AstraZeneca COVID-19 വാക്സിൻ നൽകിയ 22.8 ദശലക്ഷം രണ്ടാമത്തെ ഡോസുകളിൽ 44 കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇത് ഒരു മില്ല്യൺ രണ്ടാമത്തെ ഡോസിന് 1.9 കേസുകൾ എന്ന നിലയിൽ കണക്കാക്കപ്പെട്ടിരിക്കുന്നു (UK-യിൽ നിന്ന് ഒരു മില്ല്യൺ ആദ്യ ഡോസുകളിൽ 14.8 കേസുകളുടെ അപകട സാധ്യതയുമായി താരതമ്യം ചെയ്യുമ്പോൾ).

## ആരൊക്കെയാണ് ഈ വാക്സിൻ സ്വീകരിക്കാൻ പാടില്ലാത്തത്

നിങ്ങൾക്ക് ഇവ ഉണ്ടായിട്ടുണ്ടെങ്കിൽ, നിങ്ങൾ ഈ വാക്സിൻ സ്വീകരിക്കരുത്:

- വാക്സിന്റെ ഒരു മുൻ ഡോസ് എടുത്തപ്പോൾ അനാഫൈലാക്സിസ് (ഒരു തരം രൂക്ഷമായ അലർജിക്ക് റിയാക്ഷൻ)
 ഉണ്ടായിട്ടുണ്ട്
- പോളിസോർബേറ്റ് 80 ഉൾപ്പെടെ വാക്സിനിലെ ഏതെങ്കിലും ഘടകങ്ങളുമായി സമ്പർക്കം ഉണ്ടായ ശേഷം ശേഷം പ്രകടമാകുന്ന അനാഫൈലാക്സിസ്
- കാപ്പിലറി ലീക്ക് സിൻഡ്രത്തിന്റെ ചരിത്രം
- വാക്സിന്റെ ഒരു മുൻ ഡോസിന് ശേഷം ഉണ്ടാകുന്ന TTS
- വാക്സിന്റെ ഒരു മുൻ ഡോസിന് ശേഷം ഉണ്ടാകുന്ന മറ്റേതെങ്കിലും ഗുരുതരമായ സംഭവങ്ങൾ

## വാക്സിനേഷന് മുൻപ് പരിഗണിക്കേണ്ട കാര്യങ്ങൾ

### മുൻകരുതലുകൾ

ചില രോഗാവസ്ഥകളുള്ള ആളുകൾക്ക് വാക്സിൻ സ്വീകരിച്ച ശേഷം 30 മിനിറ്റ് സമയം നിരീക്ഷണത്തിൽ ഇരിക്കുകയോ അല്ലെങ്കിൽ അലർജി സ്പെഷ്യലിസ്റ്റിനെ സന്ദർശിക്കുകയോ ചെയ്യേണ്ടത് പോലുള്ള അധിക മുൻകരുതലുകൾ ആവശ്യമായി വന്നേക്കാം. നിങ്ങൾക്ക് ഇനിപ്പറയുന്നവ മുൻപ് ഉണ്ടായിട്ടുണ്ടെങ്കിൽ, നിങ്ങളുടെ ഇമ്മ്യൂണൈസേഷൻ പ്രൊവൈഡറോട് പറയുക:

- ഒരു COVID-19 വാക്സിന്റെ ഒരു മുൻ ഡോസിനോടോ അല്ലെങ്കിൽ അതിലെ ഒരു ഘടകത്തിനോടോ **അലർജിക്ക് റിയാക്ഷൻ**
- **മറ്റ് വാക്സിനുകളോടോ മറ്റ് മരുന്നുകളോടോ അനാഫൈലാക്സിസ്.**പൊതുവായി ഉപയോഗിക്കുന്ന ഘടകങ്ങൾ ഒന്നും നിങ്ങൾക്ക് ലഭിക്കുന്ന COVID-19 വാക്സിനിൽ ഇല്ലെന്ന് ഉറപ്പാക്കാൻ നിങ്ങളുടെ പ്രൊവൈഡറിന് പരിശോധിക്കാൻ കഴിയും
- ചികിത്സ ആവശ്യമുള്ള ആവർത്തിച്ചുള്ള അനാഫൈലാക്സിസോട് കൂടിയ മാസ്റ്റോസൈറ്റോസിസ് സ്ഥിരീകരിച്ചു

**നിങ്ങൾക്ക് രക്തസ്രാവ വൈകല്യം ഉണ്ടെങ്കിലോ** അല്ലെങ്കിൽ നിങ്ങൾ **ബ്ലഡ് തിന്നർ ഔഷധം** (ആന്റികൊയാഗുലന്റ്) ഉപയോഗിക്കുന്നുണ്ടെങ്കിലോ, ഇമ്മ്യൂണൈസേഷൻ പ്രൊവൈഡറോട് ആ വിവരം പറയുക. ഒരു ഇൻട്രാമസ്ക്കുലാർ കുത്തിവയ്പ്പ് നടത്തുന്നത് സുരക്ഷിതമാണോ എന്ന് നിർണ്ണയിക്കാനും കുത്തിവയ്പ്പിനുള്ള ഏറ്റവും മികച്ച സമയം തീരുമാനിക്കാൻ സഹായിക്കാനും നിങ്ങളുടെ ഇമ്മ്യൂണൈസേഷൻ പ്രൊവൈഡർക്ക് കഴിയും.

## രോഗപ്രതിരോധ ശേഷി ദുർബലമായ ആളുകൾ (രോഗ പ്രതിരോധ ശേഷി ഇല്ലാത്തവർ)

രോഗപ്രതിരോധ ശേഷി ദുർബലപ്പെടുത്തുന്ന ഒരു മെഡിക്കൽ അവസ്ഥയുള്ളവരെ രോഗ പ്രതിരോധ ശേഷി ഇല്ലാത്തവരായി കണക്കാക്കുന്നു. HIV ബാധിതർ ഉൾപ്പെടെയുള്ള രോഗ പ്രതിരോധ ശേഷി കുറഞ്ഞ ആളുകൾക്ക് COVID-19-ൽ മൂലം മരണ സാധ്യത കൂടുതലാണ്.

രോഗ പ്രതിരോധ ശേഷി കുറഞ്ഞ ആളുകൾ COVID-19 വാക്സിനേഷൻ എടുക്കണമെന്ന് ഓസ്ട്രേലിയൻ സർക്കാർ ശക്തമായി ശുപാർശ ചെയ്യുന്നു. COVID-19 വാക്സിൻ AstraZeneca ഒരു 'സജീവ വാക്സിൻ' പോലെയല്ല പെരുമാറുന്നത്. അഡിനോവൈറസ് കാരിയർ പരിഷ്ക്കരിച്ചതിനാൽ മറ്റ് കോശങ്ങളിലേക്ക് ഇരട്ടിക്കാനോ വ്യാപിക്കാനോ കഴിയില്ല, മാത്രമല്ല ഇത് അണുബാധയ്ക്ക് കാരണമാകില്ല. രോഗ പ്രതിരോധ ശേഷി കുറഞ്ഞ ആളുകളിൽ അത് സുരക്ഷിതമാണ്.

COVID-19 വാക്സിൻ AstraZeneca-യ്ക്കുള്ള ക്ലിനിക്കൽ പരീക്ഷണങ്ങളിൽ രോഗപ്രതിരോധശേഷിയില്ലാത്ത ആളുകളെ ഉൾപ്പെടുത്തിയിട്ടില്ല, എന്നാൽ അത്തരം അവസ്ഥകളുള്ള നിരവധി ആളുകൾക്ക് ഇപ്പോൾ ലോകമെമ്പാടും വാക്സിനേഷൻ നൽകിയിട്ടുണ്ട്. രൂക്ഷമല്ലാത്ത HIV ബാധിതരായ ആളുകൾക്ക് COVID-19 വാക്സിൻ ആസ്ട്രസെനേക്ക നൽകുന്ന ഒരു ക്ലീനിക്കൽ ട്രയൽ നിർവഹിച്ച് കൊണ്ടിരിക്കുകയാണ്, അതിന്റെ ഫലങ്ങൾ ഏതാനും മാസങ്ങൾക്കുള്ളിൽ ലഭ്യമാകുന്നതാണ്. മറ്റ് ജനവിഭാഗവുമായി താരതമ്യപ്പെടുത്തുമ്പോൾ COVID-19 വാക്സിൻ ആസ്ട്രസെനേക്ക രോഗ പ്രതിരോധ ശേഷി കുറഞ്ഞവരിൽ ഫലപ്രദമാണോ എന്ന് ഞങ്ങൾക്ക് അറിയില്ല. അതിനാൽ ഇത് ഫലപ്രദമല്ലാത്തതാകാൻ സാധ്യതയുണ്ട്, അതിനാൽ വാക്സിനേഷന് ശേഷവും ശാരീരിക അകലം പാലിക്കൽ പോലുള്ള മറ്റ് പ്രതിരോധ നടപടികൾ തുടരേണ്ടത് പ്രധാനമാണ്.

രോഗപ്രതിരോധ ശേഷി കുറഞ്ഞവരിൽ വാക്സിൻ ഉപയോഗിക്കുന്നതിനെ കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് ഈ വെബ്സൈറ്റ് കാണുക: രോഗപ്രതിരോധ ശേഷി കുറഞ്ഞവർക്ക് COVID-19 വാക്സിനേഷൻ എടുക്കണോ എന്ന് തീരുമാനിക്കാനുള്ള ഗൈഡ്.

## ഗർഭം ധരിച്ചതോ അല്ലെങ്കിൽ മുലയൂട്ടുന്നതോ ആയ സ്ത്രീകൾ

60 വയസ്സിൽ താഴെ പ്രായമുള്ള മുതിർന്നവർക്കും ഗർഭം ധരിച്ചതോ മുലയൂട്ടുന്നതോ ആയ സ്ത്രീകൾക്കും കോമിർനാറ്റി (Pfizer) നൽകുന്നതിനാണ് പ്രഥമ പരിഗണന നൽകുന്നത്. വാക്സിനേഷന് ശേഷം നിങ്ങൾ മുലയൂട്ടൽ നിർത്തേണ്ടതില്ല. COVID-19 വാക്സിൻ AstraZeneca-ക്കയുടെ ആദ്യ ഡോസ് ലഭിച്ച ഗർഭിണികൾക്ക് കോമിർനാറ്റിയുടെ അല്ലെങ്കിൽ COVID-19 വാക്സിൻ AstraZeneca-യുടെ രണ്ടാമത്തെ ഡോസ് സ്വീകാരിക്കാവുന്നതാണ്, എന്നിരുന്നാലും കോമിർനാറ്റിക്കാണ് പ്രഥമ പരിഗണന.

ഗർഭാവസ്ഥയിലും മുലയൂട്ടുമ്പോഴും വാക്സിൻ ഉപയോഗിക്കുന്നതിനെ കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് ഇത് കാണുക: ഗർഭിണികൾ, മുലയൂട്ടുന്നവർ അല്ലെങ്കിൽ ഗർഭം ധരിക്കാൻ പദ്ധതിയിടുന്നവരായ സ്ത്രീകൾക്ക് COVID-19 വാക്സിനേഷൻ എടുക്കണോ എന്ന് തീരുമാനിക്കുന്നതിനുള്ള ഗൈഡ്.

## COVID-19-ന്റെ മുൻ ചരിത്രം ഉള്ള ആളുകൾക്ക്

നിങ്ങൾക്ക് മുൻപ് എപ്പോഴെങ്കിലും COVID-19 ബാധിച്ചിട്ടുണ്ടെങ്കിൽ, നിങ്ങളുടെ ഇമ്മ്യൂണൈസേഷൻ പ്രൊവൈഡറോട് പറയുക. ഒരു COVID-19 വാക്സിൻ എടുക്കാൻ രോഗമുക്തിയ്ക്ക് ശേഷം ആറുമാസം വരെ കാത്തിരിക്കാൻ നിങ്ങളുടെ പ്രൊവൈഡർ ഉപദേശിച്ചേക്കാം. നിങ്ങൾ നിലവിൽ ഒരു COVID-19 രോഗിയാണെങ്കിൽ, വാക്സിനേഷൻ എടുക്കുന്നതിനുള്ള ഏറ്റവും മികച്ച സമയം നിങ്ങളെ ചികിത്സിക്കുന്ന ഡോക്ടറുമായി ചർച്ച ചെയ്യുക.

COVID-19-ന്റെ മുൻകാല ചരിത്രമുള്ള ആളുകളിൽ COVID-19 വാക്സിന്റെ ഏത് ബ്രാൻഡും ഉപയോഗിക്കാം.

## COVID-19 വാക്സിൻ AstraZeneca-യും കുട്ടികളും

18 വയസ്സോ അതിൽ കൂടുതലോ പ്രായമുള്ള ആളുകളിൽ മാത്രമേ COVID-19 വാക്സിൻ ആസ്ട്രസെനേക്കയ്ക്ക് താൽക്കാലികമായി അംഗീകാരം ലഭിച്ചിട്ടുള്ളൂ, അതിനാൽ ഇത് കുട്ടികൾക്ക് നൽകാനാവില്ല. കുട്ടികളിൽ COVID-19 രൂക്ഷമായി ബാധിക്കാനുള്ള അപകടസാധ്യത മുതിർന്ന കുട്ടികളിലും മുതിർന്നവരിലും ഉള്ളതിനേക്കാൾ കുറവാണ്.

# വാക്സിൻ സുരക്ഷയും പ്രതികൂല സംഭവങ്ങൾ റിപ്പോർട്ട് ചെയ്യലും

ഓസ്ട്രേലിയയിലെ എല്ലാ വാക്സിനുകളും തെറാപ്പ്യൂട്ടിക്ക് ഗുഡ്സ് അഡ്മിനിസ്ട്രേഷൻ (TGA) വിലയിരുത്തുന്നു. ഒരു വാക്സിന് ഉപയോഗത്തിനായി അംഗീകാരം ലഭിക്കുന്നതിന് മുൻപ് അത് സുരക്ഷിതവും ഫലപ്രദവും വളരെ ഉയർന്ന നിലവാരത്തിൽ നിർമ്മിക്കുന്നതുമാണെന്ന് ഇത് ഉറപ്പാക്കുന്നു. COVID-19 വാക്സിനുകൾക്ക് അംഗീകാരം നൽകുന്ന പ്രക്രിയയുടെ ഒരു വിവരണം TGA വെബ്സൈറ്റിൽ ലഭ്യമാണ്.

COVID-19 വാക്സിനുകളുടെ സുരക്ഷ COVID-19 വാക്സിനേഷൻ പ്രോഗ്രാം കാലയളവിൽ ഉടനീളം നിരീക്ഷിക്കപ്പെടുന്നതാണ്. സംശയിക്കപ്പെടുന്ന പാർശ്വഫലങ്ങൾ നിങ്ങളുടെ വാക്സിനേഷൻ ദാതാവിനോ മറ്റ് ആരോഗ്യ പരിപാലന വിദഗ്ദ്ധർക്കോ റിപ്പോർട്ട് ചെയ്യാൻ കഴിയും. അവർ നിങ്ങളുടെ താൽപ്പര്യാർത്ഥം നിങ്ങളുടെ

സംസ്ഥാനത്തിനോ പ്രവിശ്യാ ആരോഗ്യ വകുപ്പിനോ അല്ലെങ്കിൽ നേരിട്ട് തെറാപ്പ്യൂട്ടിക്ക് ഗുഡ്സ് അഡ്മിനിസ്ട്രേഷനോ (TGA) ഒരു ഔദ്യോഗിക റിപ്പോർട്ട് നൽകും.

നിങ്ങൾക്ക് അവ സ്വയം റിപ്പോർട്ട് ചെയ്യണമെന്ന് ഉണ്ടെങ്കിൽ, COVID-19 വാക്സിനുകളുമായി ബന്ധപ്പെട്ട സംശയകരമായ പാർശ്വഫലങ്ങൾ റിപ്പോർട്ട് ചെയ്യേണ്ടത് എങ്ങനെ എന്നത് സംബന്ധിച്ച വിവരങ്ങൾക്ക് TGA വെബ്സൈറ്റ് സന്ദർശിക്കുക.